കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമരമ്പലം ഗ്രാമപഞ്ചായത്ത്

2015-2016 വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട്

കേരള സ്റ്റേറ്റ് ഓഡിറ്റ് മലപ്പുറം വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/28/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയ്യതി 2.2.2012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് /(സെക്രട്ടറി ) മുഖേന

അമരമ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമരമ്പലം ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.26/28 /2017 തിയ്യതി 2.2.2017

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 04.3.2016 മുതൽ 4.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. –20-- അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ.എസ്. ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 5.12.16മുതൽ19.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ . ടി.പി. അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ്സലീം..ടി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. രാമകൃഷ്ണൻ .ടി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. എൻ.എം. ബഷീർ | 1.4.15 മുതൽ 18.12.15 വരെ |
| | | ശ്രീമതി. സുജാത.സി. | 19.12.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | ശ്രീ.കെ.എ അബ്ദുൽ ഗഫൂർ | 1.4.15 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |

| | | | |
|---|---|---|---|
| | | | |
| ICDS സൂപ്പർ വൈസർ | | ശ്രീമതി. ശാന്തകുമാരി.കെ.എ | 1.4.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | | ശ്രു ലിജു അബ്രഹാം | 1.4.15 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | | ഡോ:സബിത റോസ് ജേക്കബ്<br>ഡോ. പർവീൻ.പി.ടി. | 1.4.15 മുതൽ 18.11.2015 വരെ 21.8.15 മുതൽ 31.8.15 വരെ ഒഴിവ്<br>19.11.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ: സവിത. പി.പി. | 1.4.15 മുതൽ 31.3.2016 വരെ |
| | | | |
| വെറ്ററിനറി സർജൻ | | ഡോ. സജി തോമസ്<br>ഡോ. റോഷ്മ.ടി.ജെ. | 1.4.15 മുതൽ 20.12.2015 വരെ<br>21.12.2015 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.എം.മധുസൂധനൻ നായർ | 1.4.2015മുതൽ 31.3.16 വരെ |
| | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ. ബിനു കുരിയൻ | 1.4.15 മുതൽ 31.03.2016വരെ |
| | | | |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രദീപ് നെല്ലിക്കോടൻ | 1.4.15 മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എൻ. കൃഷ്ണകുമാർ<br>ശ്രീ. എം. സുരേഷ് കുമാർ<br>ശ്രീ. ടി.പി. ഹരിദാസൻ | 1.4.2015 മുതൽ 20.8.2015 വരെ<br>1.9.15 മുതൽ 1.10.15 വരെ<br>2.10.15 മുതൽ 31.3.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1. | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| 11 | ചട്ടവിരുദ്ധമായി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് | 2-1 | |
| | ഭാഗം - 3 | | |
| 12 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം; സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. | 3-1 | |
| 13 | ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണ വിവരം ലഭ്യമല്ല | 3-2 | |

| | | | |
|---|---|---|---|
| 14 | ഗ്യാസ് ക്രിമിറ്റോറിയം നിർമാണം: പ്രവൃത്തി പൂർത്തിയായിട്ടില്ല | 3-3 | |
| 15 | ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി: | 3-4 | |
| 16 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 17 | അച്ചനള കോളനിയിൽ മെഡിക്കൽ ക്യാമ്പ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-6 | |
| 18 | വിജയഭേരി പദ്ധതി - നടത്തിപ്പ് കാര്യക്ഷമമല്ല | 3-7 | |
| 19 | പരിരക്ഷാപദ്ധതി - അപാകതകൾ | 3-8 | |
| 20 | ആശ്രയ പദ്ധതി - പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 3-9 | |
| 21 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-10 | |
| 22 | സ്ഥലം വാങ്ങൽ പ്രൊജക്ടുകൾ സംബന്ധിച്ച് | 3-11 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3. | |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 28 | ഓഡിറ്റ് റിക്കവറി | 4-6. | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7. | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബഡ്ജറ്റ് 26.03.2015 തിയതിയിലെ 109 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 13.7.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 5.12.2016, 19.12.2016 | കെ എസ് എ.എം പി<br>എം.26/28/2017<br>തീയ്യതി 2.2.2017 |

വാർഷിക ധനകാര്യപത്രിക പരിശോധന അപാകതകൾ

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

3)വസ്തുനികുതി ഡിമാന്റ് ,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള തുകയും വാർഷികകണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പെരുത്തമില്ല.

4)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികളുടെ) പ്രകാരമുള്ള തുകയും വാർഷികകണക്കു പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തമില്ല.

5)പഞ്ചായത്തിന് പരിഞ്ഞു കിട്ടാനുള്ള സംശയാസ്പദമായ തുകയ്ക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-4 സാമ്പത്തിക വിശകലനം

| വർഷം 2015-16 | |
|---|---|
| മുന്നിരിപ്പ് | 37951613 |
| വരവ് | 61845800 |
| ആകെ | 99797413 |
| ചെലവ് | 83613317 |
| നീക്കിയിരിപ്പ് | 16184096 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP 40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8499283 | 5649119 | 16590831 | 30739233 | 20115838 | 10623395 | 65 | 0 |
| വികസനഫണ്ട് എസ്.സി.പി. | 326267 | 0 | 6913000 | 7239267 | 6491864 | 747403 | 90 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 344795 | (-)9795 | 1655795 | 1990795 | 1747457 | 243338 | 88 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 729318 | 0 | 13202000 | 13931318 | 12614941 | 1316377 | 91 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1624572 | 0 | 4774000 | 6398572 | 5661111 | 737461 | 88 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2085949 | (-)3444324 | 10234142 | 8875767 | 8869438 | 6329 | 99.92 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4932732 | (-)2195000 | 2195000 | 4932732 | 4932732 | 0 | 100 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1000 | 0 | 9147928 | 9148928 | 9147666 | 1264 | 99.9 | 1264 |
| ബി ഫണ്ട് | 0 | 0 | 39305835 | 39305835 | 39305835 | 0 | 100 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 204 | 83998179 | 172 | 67973129 | 9 | 21 | 84.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4392909 | 4052141 | 340768 | |
| നികുതിയേതര വരവുകൾ | 353511 | 1493124 | 1139613 | |
| മറ്റുവരവുകൾ | 17579127 | 213638 | 17365489 | |
| ആകെ | 22325547 | 5758903 | 18845870 | |

1-8(എ) ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65700 | 360 |
| കർഷകതൊഴിലാളി പെൻഷൻ | 5914200 | 716 |
| വിധവാപെൻഷൻ | 16216480 | 1623 |
| വാർദ്ധക്യകാലപെൻഷൻ | 11199246 | 1692 |
| വികലാംഗപെൻഷൻ | 4067635 | 412 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 941280 | 96 |

1-9 ക്യാഷ് വെരിഫിക്കേഷൻ

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരം –6.12.2016-ന് നടത്തിയ കാഷ് ബാലൻസ് പരിശോധനയിൽ –13029--- രൂപ നീക്കിയിരിപ്പുള്ളതായി കണ്ടെത്തി.

1-10മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016 | ഒക്ടോബർ 2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.9.2008 | 1997-98 മുതൽ 2007-2008 വരെ | 14.11.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ടവിരുദ്ധമായി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ/കച്ചവട വിനിയോഗ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് പരമാവധി 55 ആണ്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണാനുപാതം(എഫ് എ ആർ) 1.75 ആണ്(ചട്ടം 35,ടേബിൾ 2, ക്രമനമ്പർ 7).എന്നാൽ താഴെ പറയുന്ന അനുവദനീയമായ കവറേജ് പരമാവധി 55 ലും അധികരിച്ചിട്ടുള്ള കെട്ടിടത്തിന് ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചതായി കണ്ടെത്തി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടമുടമയുടെ പേര് - നിയാസ് s/o അഹമ്മദ്ക്കുട്ടി,ജംഷീറ w/o നിയാസ് മുണ്ടശ്ശേരി വീട്,പന്തലിങ്ങൽ ,മേപ്പാടം പി ഒ

പെർമിറ്റ് നം.A4- 3233/14/18.08.2014

പ്ലോട്ട് ഏരിയ –350 ച.മീ

പ്ലിന്റ് ഏരിയ – 372.82 m2(162.92m2 (GF),209.90m2(FF))

കവറേജ് %=ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം.

= 209.90/350* 100 = 59.97 %

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 18/19.12.2016) 59.97 % കവറേജിൽ

പെർമിറ്റ് അനുവദിച്ചിരുന്നെങ്കിലും കെട്ടിട നിർമ്മാണം 54.90% ലാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും അപാകത ആവർത്തിക്കില്ല എന്നും കെട്ടിട്ട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായിട്ടാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതുമെന്ന സെക്രട്ടറി നൽകിയ മറുപടി സ്വീകരിച്ചു . പെർമിറ്റ് അനുവദിക്കുമ്പോൾ കെട്ടിട്ട നിർമ്മാണ ചട്ടങ്ങൾ പാലിക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം; സമയബന്ധിതമായി നടപ്പിലാക്കുന്നില്ല.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് 95000 രൂപ വൗച്ചർ നംപർ 21500286/4-8-2015 പ്രകാരം PHC മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. കൂടാതെ ഈപ്രവർത്തിക്ക് NRHM ൽ നിന്നും 190000 രൂപയും MO PHC ക്ക് ലഭിച്ചിട്ടുണ്ട്. ഇതു സമ്പന്ധമായ 178649/D.C1/2015/തസ്വഭവ /23-4-15 നംപർ സർക്കുലറിൽ,ഈ പ്രവൃത്തി ജൂൺ മാസത്തിന് മുമ്പ് പൂർത്തിയാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ഓഗസ്റ്റ് മാസത്തിൽ മുൻകൂർ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, 09,10,11/2015 എന്നീ മാസങ്ങളിലാണ് മേൽ പ്രവൃത്തി നടപ്പിലാക്കിയതെന്ന് ചെലവ് രേഖകൾ പരിശോധിച്ചതിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ തന്നെ ഈ പ്രവർത്തി ലക്ഷ്യപ്രാപ്തിയിലെത്തിയില്ലെന്നും ചെലവ് തുക 285000 രൂപ പാഴായെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു.സമയബന്ധിതമായി പ്രവൃത്തി നടത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 3-2 ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണ വിവരം ലഭ്യമല്ല.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: KWA പൈപ്പ് ലൈൻ നീട്ടൽ 188/16

അടങ്കൽ: 515000 രൂപ.

മേൽ പ്രവൃത്തി നടത്തുന്നതിനായി ട്രഷറി ബിൽ നംപർ 188/15-16/31-3-16 പ്രകാരം 515000 രൂപ പിൻവലിക്കുകയും DD No. 900013/11-4-16 പ്രകാരം KWA ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.എന്നാൽ മേൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, ഫൈനൽ ബിൽ എന്നിവ ലഭ്യമല്ല. പ്രവൃത്തി നാളിതുവരെ KWA പൂർത്തിയാക്കിയിട്ടില്ലെന്ന മറുപടിയാണ് അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തി ഉടൻ പൂർത്തീകരിക്കുവാൻ KWA യോട് ആവശ്യപ്പെടേണ്ടതും പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

### 3-3 ഗ്യാസ് ക്രിമിറ്റോറിയം നിർമാണം: പ്രവൃത്തി പൂർത്തിയായിട്ടില്ല.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ഗ്യാസ് ക്രിമിറ്റോറിയം നിർമാണം. 219/15, 2/16

അടങ്കൽ: 4500000 രൂപ.

കരാറുകാരൻ: ജിതേഷ് കെ (സിവിൽ വർക്ക്)

കരാർ: 6/15-16/9-04-2015

അളവ് പുസ്തകം: 6/15-16, 6A/15-16

ചെലവ്: 2008750 രൂപ

വൗച്ചർ നംപർ:133/15-16/27-3-16-2016: 500000

134/15-16/27-3-16-2016: 1000000

150/15-16/30-3-16-2016: 508750

കരാർ പ്രകാരം 4-12-2015 ന് പൂർത്തിയാക്കേണ്ട മേൽ പ്രവൃത്തി നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ല. കാലതാമസത്തിന്റെ കാരണം, പ്രവൃത്തിയുടെ പൂർത്തീകരണ നടപടികൾ എന്നിവ ആദ്യ മറുപടിയിൽ വിശദമാക്കേണ്ടതാണ്. സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തി നടത്തി പൂർത്തീകരിച്ച് അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-4 ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി: നഷ്ടം 750 രൂപ

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: മാമ്പറ്റ മദ്രസ്സപ്പടി പറയങ്ങാട് റോഡ് ബാക്കി ഭാഗം ടാറിംഗ് 14/16

അടങ്കൽ: 250000 രൂപ.

കരാറുകാരൻ: ഷൗക്കത്തലി.

കരാർ: 71/15-16/19-09-2015(0.3% കുറവ്)

അളവ് പുസ്തകം: 71/15-16

ചെലവ്: 250000 രൂപ

വൗച്ചർ നംപർ:106/15-16/31-3-2016

മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരന് തുക നൽകിയത്. ടെണ്ടർ ബിലോ കുറവ് ചെയ്യാത്തതിനാൽ താഴെ പറയും പ്രകാരം 750 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മൂല്യനിർണ്ണയം 250000

(-) ടെണ്ടർ കുറവ് 0.3% 750

പിൻവലിക്കാവുന്ന തുക 249250

അധികം പിൻവലിച്ചത് 750 രൂപ.

750 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 26/2016

അമരമ്പലം പി എച്ച് സി യിലേക്ക് മരുന്നുവാങ്ങൾ പദ്ധതി

വിനിയോഗിച്ച തുക – 6,00,000രൂപ (മെയിന്റെനൻസ് ഗ്രാന്റ് - റോഡിതരം)

ബിൽ നം.7/15-16/26.03.2016 - 6,00,000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ , പിഎച്ച് സി ,അമരമ്പലം

പദ്ധതി പ്രകാരം5,83,000 രൂപ പി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കാരുണ്യാ ഫാർമസി,നിലമ്പൂരിന് നൽകിയിട്ടുണ്ട് . എന്നാൽ 2,55,768 രൂപയുടെ മരുന്നുകൾ മാത്രമെ നാളിതുവരെയും ലഭ്യമായിട്ടൊള്ളു.ശേഷിച്ച 3,27,232 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ (സ്റ്റോക്ക് ,ഇഷ്യുവിവരങ്ങൾ ഉൾപ്പെടെ) വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ , മരുന്നുവാങ്ങുന്നതിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കിയ ശേഷം അതിൽ നിന്നും സ്റ്റേഷനറി ഇനത്തിൽ 17,000 രൂപ ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്. കണ്ടിജന്റ് ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും തുക ലഭ്യമാകുമെന്നിരിക്കെ പ്രോജക്റ്റിന്റെ ഭാഗമല്ലാത്ത ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടേതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/15.12.2016 )കാരുണ്യാ ഫാർമസിയിൽ മരുന്നിന്റെ ലഭ്യതകുറവുമൂലമാണ് മരുന്നുകൾ ലഭ്യമാകാത്തത് എന്ന മറുപടി ലഭിച്ചു ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 3,27,232 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 അച്ചനള കോളനിയിൽ മെഡിക്കൽ ക്യാമ്പ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 95/2016

വിനിയോഗിച്ച തുക – 50,000 രൂപ

(ബിൽ നം. 9/15-16/26.03.2016 – 40,000 രൂപ

ബിൽ നം. 3/15-16/18.08.2015 – 10,000 രൂപ)

നിർവ്വഹണം -മെഡിക്കൽ ഓഫീസർ , പി എച്ച് സി ,അമരമ്പലം
പദ്ധതി പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിലെ അച്ചനള പട്ടികവർഗ്ഗ കോളനിയിൽ

25.05.2015,15.11.2015,30.12.2015,31.01.2016,09.02.2016 തീയ്യതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിനാണ് തുക വിനിയോഗിച്ചിട്ടുള്ളത്. ക്യാമ്പ് നടത്തിയതിന്റേയും ,നടത്തിയ പ്രവർത്തനങ്ങളുടെയും,പങ്കെടുത്തവരുടെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 12/19.12.2016)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 വിജയഭേരി പദ്ധതി - നടത്തിപ്പ് കാര്യക്ഷമമല്ല

പ്രോജക്റ്റ് നം.91/2016

വിജയഭേരി പദ്ധതി

വിനിയോഗിച്ച തുക – 1,24,696 രൂപ (തനത് ഫണ്ട് )

(ചെക്ക് നം. 1906345/07.10.2015 – 65,696 രൂപ

ചെക്ക് നം. 4088626/09.03.2016 – 25,000 രൂപ

ചെക്ക് നം. 10795452/29.02.2016 – 34,000 രൂപ)

നിർവ്വഹണം - ഹെഡ്മാസ്റ്റർ ജി എൽ പി എസ് ,പായംമ്പാടം

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങളിലാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 2,4 ക്ലാസുകളിലെ കുട്ടികൾക്ക് 'മഴവില്ല്' 'മിന്നാമിന്നി ' പാഠപുസ്തകം പ്രന്റ് ചെയ്യുന്നതിന് കൽപ്പക പ്രിന്റേഴ്സ് ഞെട്ടിക്കുളത്തിന് നൽകിയത് | 33,096 രൂപ | ചെക്ക് നം. 1906345/07.10.2015 – 65,696 രൂപ |
| 2 | ഒന്നാം ക്ലാസിലെ കുട്ടികൾക്ക് 'സ്ലേറ്റ് 'പാഠപുസ്തകം പ്രന്റ് ചെയ്യുന്നതിന് കൽപ്പക പ്രിന്റേഴ്സ് ഞെട്ടിക്കുളത്തിന് നൽകിയത് | 32,600 രൂപ | ചെക്ക് നം. 1906345/07.10.2015 – 65,696 രൂപ |

| | | | |
|---|---|---|---|
| 3 | ഹ്രസ്വചിത്രം നിർമ്മിക്കുന്നതിന് ഹരിത നാസ് കമ്മ്യൂണിക്കേഷൻ നിലമ്പൂരിന് നൽകിയത് | 34,000 രൂപ | ചെക്ക് നം. 10795452/29.02.2016 |
| 4 | വിജയഭേരി പദ്ധതിക്കായി ജി എച്ച് എസ് എസ് പൂക്കോട്ടുംപാടത്തിന് നൽകിയത് | 25,000 രൂപ | ചെക്ക് നം. 4088626/09.03.2016 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ചെക്ക് നം. 1906345/07.10.2015പ്രകാരം പിൻവലിച്ച65,696 രൂപയിൽ 33,096 രൂപ 2,4 ക്ലാസുകളിലെ കുട്ടികൾക്ക് 'മഴവില്ല്' 'മിന്നാമിന്നി ' പാഠപുസ്തകം പ്രിന്റ് ചെയ്യുന്നതിനും,32,600 രൂപ ഒന്നാം ക്ലാസിലെ കുട്ടികൾക്ക് 'സ്ലേറ്റ് 'പാഠപുസ്തകം പ്രിന്റ് ചെയ്യുന്നതിനും കൽപ്പക പ്രിന്റേഴ്സ് ഞെട്ടിക്കുളത്തിന് നൽകിയ ഇനത്തിലുള്ള ചെലവാണ്.

18.01.1996ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്.

ജി.ഒ.(എം.എസ്) 362/2013 തസ്വഭവ തിയ്യതി 16.11.2013 ലെ ഖണ്ഡിക 6.v പ്രകാരം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റു പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നകിന്നു സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് .

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.ഇതു സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ വീണ്ടും ആവർത്തിച്ചിരിക്കുകയാണ്.ഇത് സർക്കാർ ഉത്തരവിനു വിരുദ്ധമായ നടപടിയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

2)ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനാണ് ഹരിത നാസ് കമ്മ്യൂണിക്കേഷൻ നിലമ്പൂരിന് 34,000 രൂപ നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരുന്നതിനുദ്ദേശിച്ചാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത് .ആയതിനാവശ്യമായ പദ്ധതി തയ്യാറാക്കുന്നതിന് പകരം കുട്ടികൾക്ക് വീട്ടിലും സമൂഹത്തിലും അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സിഡി നിർമ്മാണത്തിന് തുക ചെലവഴിച്ചത് തീർത്തും ക്രമവിരുദ്ധമായ നടപടിയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. .കൂടാതെ

3) ജി എച്ച് എസ് എസ് പൂക്കോട്ടുംപാടം സ്കൂളിൽ പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി നാലു ദിനം മാത്രം പ്രവർത്തി നടത്തി 25,000 രൂപ ചെലവഴിക്കുകയാണ് വിജയഭേരി പദ്ധതിയിൽ ചെയതിട്ടുള്ളത് .

പദ്ധതി പണം ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ വ്യക്തമായ ആസൂത്രണമോ മുന്നൊരുക്കമോ കൂടാതെ പദ്ധതി നടപ്പിലാക്കിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

അമരമ്പലം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേകം ക്ലാസ് നൽകി പഠനത്തിൽ മുന്നേറ്റം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 'വിജയഭേരി പദ്ധതി' കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്. ഹൈസ്കൂളിൽ നടത്തുന്ന വിജയഭേരി പദ്ധതി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-8 പരിരക്ഷാപദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.30/ 2016

പരിരക്ഷാപദ്ധതി പദ്ധതി

വിനിയോഗിച്ച തുക -5,44,016രൂപ

ബിൽ നം. 2/15-16/19.08.2015 – 2,11,200 രൂപ

ബിൽ നം. 5/15-16/16.01.2016 – 1,87,000രൂപ

ബിൽ നം. 11/15-16/28.03.2016 – 1,45,816രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി എച്ച് സി,അമരമ്പലം

പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നുവാങ്ങൽ,പരിരക്ഷാ നേഴ്സിന്റെ ശമ്പളം, വാഹനവാടക ,പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ് , മരുന്നുവാങ്ങൽ എന്നീ ഇനങ്ങളിലാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത് . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം.8/15-16/26.03.2016 പ്രകാരം 1,57,834 രൂപ മരുന്നുവാങ്ങുന്നതിനായി കാരുണ്യാ ഫാർമസി ,നിലമ്പൂരിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ 1,04,500 രൂപക്കുള്ള മരുന്നുകൾ മാത്രമെ നാളിതുവരെയും ലഭ്യമായിട്ടൊള്ളൂ.അവശേഷിച്ച 53,334 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം , മരുന്നിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കാത്ത മരുന്നിന്റെ വില 53334/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

2)പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് പുറത്തിറക്കിയ 29-10-2015-ലെ സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വപുതുക്കിയ മാർഗ്ഗരേഖ പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത് എന്നാൽ 2015 നവംബർ മുതൽ 2016 മാർച്ച് വരെ നടത്തിയ60 യാത്രകളിൽ ആകെ 40,906 രൂപ ഭക്ഷണമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 10800 രൂപ മാത്രമാണ് (60*180) ഈ ഇനത്തിൽ ചെലവഴിക്കാവുന്നത്. ഇപ്രകാരം 30106രൂപ അനുവദിനീയമായ സീമയിലും അധികരിച്ച് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

3)പാലിയേറ്റീവ് പരിചരണത്തിനായി പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണെങ്കിലും 45 കിലോമീറ്ററിന് മുകളിൽ ഓടുന്ന വാഹനത്തിന് പരമാവധി അനുവദിക്കാവുന്ന ദിവസ വാടക 1100/- രൂപ മാത്രമാണ്.ഈ ഇനത്തിൽ 2000 രൂപ വെച്ചാണ് ചെലവഴിച്ചിട്ടുള്ളത്. ഈ ഇനത്തിൽ മാത്രം 2015 നവംബർ മുതൽ 2016 മാർച്ച് വരെ 60 ദിവസം 1,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 66,000 രൂപ മാത്രമാണ്(60*1100) ഈ ഇനത്തിൽ ചെലവഴിക്കാവുന്നത്. ഇപ്രകാരം 54000രൂപ അനുവദിനീയമായ സീമയിലും അധികരിച്ച് ചെലവഴിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

4)ജി ഒ (പി)3/2013 എസ് പി ഡി തി.21.06.2013 പ്രകാരം1,00,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ടെണ്ടർ മുഖേനയായിരിക്കേണ്ടതാണ്. എന്നാൽ ആയത് പാലിക്കാതെ ഒരേ ആളുടെ തന്നെ വാഹനം വർഷം മുഴുവൻ വാടകക്കെടുക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ ട്രിപ് ഷീറ്റുകളിൽ യാത്രചെയ്ത ദൂരം പെരുപ്പിച്ച് കാണിച്ചിട്ടുള്ളതും കണ്ടെത്തി.ഉദാ.04.04.2015 ന് തോട്ടേക്കാട് ,അമരമ്പലം ഭാഗത്ത് ആറ് രോഗികളെ സന്ദർശിച്ചത് (നെഴ്സിന്റെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം)യഥാർത്ഥത്തിൽ 60 കിലോമിറ്ററോളം മാത്രം വരുന്ന ദൂരം 100 കിലോമീറ്ററിൽ കൂടുതലായാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

5)താഴെ പറയുന്ന പ്രകാരം 2015-16 ൽ പരിരക്ഷാ പ്രതിമാസ മീറ്റിംഗിന് റീഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | ചെലവഴിച്ച തുക | വൗച്ചർ നം./തീയ്യതി | റിമാർക്സ്(പങ്കെടുത്തവരുടെ എണ്ണം-ഹാജർ പട്ടിക പ്രകാരം) |
|---|---|---|---|
| 1 | 1500 രൂപ | 44/14.04.2015 | 44(യഥാർത്ഥ മീറ്റിംഗ് തീയ്യതി-13.04.15) |

| | | | |
|---|---|---|---|
| 2 | 1500 രൂപ | 31/12.05.2015 | 45(യഥാർത്ഥ മീറ്റിംഗ് തീയ്യതി-07.05.15) |
| 3 | 1500 രൂപ | 55/09.06.2015 | 46(യഥാർത്ഥ മീറ്റിംഗ് തീയ്യതി-11.06.15) |
| 4 | 1500 രൂപ | 88/14.07.2015 | 34(യഥാർത്ഥ മീറ്റിംഗ് തീയ്യതി-മാറ്റമില്ല) |
| 5 | 1500 രൂപ | 127/11.08.2015 | 38(യഥാർത്ഥ മീറ്റിംഗ് തീയ്യതി-മാറ്റമില്ല) |
| 6 | 1500 രൂപ | 151/10.09.2015 | 37(യഥാർത്ഥ മീറ്റിംഗ് തീയ്യതി-മാറ്റമില്ല) |
| 7 | 1500 രൂപ | 177/13.10.2015 | മീറ്റിംഗ് നടന്നിട്ടില്ല |
| 8 | 1500 രൂപ | 205/10.11.2015 | മീറ്റിംഗ് നടന്നിട്ടില്ല |

13.10.2015, 10.11.2015എന്നീ തീയ്യതികളിൽ മീറ്റിംഗ് നടക്കാതെ 3000 രൂപ റീഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ കാണിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.ശരാശരി അമ്പതോളം പേർ മാത്രം മീറ്റിംഗിൽ പങ്കെടുക്കൊന്നുള്ളൂ എന്നിരിക്കെ ഇരട്ടിയോളം തുകയാണ് ഈ ഇനത്തിൽ ചെലവുകാണുന്നത് .കാരണം വ്യക്തമാക്കേണ്ടതാണ്. നടക്കാത്ത മീറ്റിംഗിനു ചെലവഴിച്ച 3000/- രൂപ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.13/19.12.2016) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തത് മൂലവും മീറ്റിംഗ് നടക്കാതെ റീഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക കാണിച്ചത് മൂലവും ഗ്രാമപഞ്ചായത്തിന് നഷ്ടമായ 57000/- (54000+ 3000) രൂപ വീഴ്ചക്ക് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കാൻസർ രോഗികൾ ,ശരീരം തളർന്ന കിടപ്പിലായ രോഗികൾ , ദീർഘകാല ചിക്ത്സയും പരിചരണവും ആവശ്യമുള്ള രോഗികൾ , തുടങ്ങി അവശത അനുഭവിക്കുന്ന രോഗികളുടെ ശാരീരികവും ,മാനസികവും ,സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി ,അനാവശ്യ ചെലവുകൾ ഒഴിവാക്കി ,പൊതുസമൂഹത്തിന്റെ പരാമവധി പിൻതുണയോടെ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി - പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

അമരമ്പലം ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമഞ്ചായത്ത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ കനറബാങ്കിന്റെ നിലമ്പൂർ ശാഖയിലെ 0754101212360 നം. അക്കൗണ്ടിൽ 30.11.2016 ന് 28,41,803 രൂപ നീക്കിയിരിപ്പുണ്ട്.പദ്ധതിയുടെ ഒന്നാംഘട്ടം 2011ൽ അവസാനിച്ച ശേഷം അക്കൗണ്ടിൽ ആവശ്യത്തിന് പണമുണ്ടായിട്ടും 2011 ശേഷം അഞ്ചു വർഷമായി ഒരു പൈസയും ആശ്രയ പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടില്ല.

ഇതുവരെ പദ്ധതിയിൽപ്പെടുത്തി അനുകൂല്യം ലഭ്യമായവരുടെ വിവരം താഴെ പറയും പ്രകാരമാണ്.

| ഇനം | ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം | ഇതു വരെ ആനുകൂല്യം ലഭിച്ച ആളുകളുടെ എണ്ണം | ആനുകൂല്യം നൽകാൻ ശേഷിക്കുന്ന ആളുകളുടെ എണ്ണം |
|---|---|---|---|
| ചികിത്സ | ഇല്ല | ഇല്ല | - |
| വിദ്യാഭ്യാസം | ഇല്ല | ഇല്ല | - |
| ഭക്ഷണം | ഇല്ല | ഇല്ല | - |
| വീട് | 63 | 15 | - |
| കുടിവെള്ളം | ഇല്ല | ഇല്ല | - |
| വീട് പുനരുദ്ധാരണം | 7 | 7 | - |
| കക്കൂസ് | ഇല്ല | ഇല്ല | - |
| വീട് വെക്കാൻ സ്ഥലം | 37 | 22 | - |

നിലവിൽ ഗുണഭോക്താക്കളെ പുതിയ സർവ്വേ നടത്തി വരുന്നതായി അറിയാൻ കഴിഞ്ഞു . സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി

ആസൂത്രണം ചെയ്യുന്ന ഇത്തരം പ്രോജക്ടുകൾ അനന്തമായി നീളുന്ന അവസ്ഥ, ലക്ഷ്യം തമസ്കരിക്കപ്പെടുന്നതിനുപരി സ്വാഭാവിക നീതി നിഷേധിക്കലായി പരിണമിക്കുന്നു. റീവിസിറ്റ് നടത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കി, ശേഷിക്കുന്ന സേവനപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച്, പാർശ്വവത്ക്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സഹായമെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-10 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പ്രോജക്ട്.നം.92/16

ബിൽ നം. -6/15-16/15.03.15—5,00,000 രൂപ

നിർവ്വഹണം -ഹെഡ്മാസ്റ്റർ,ജി എൽ പി എസ്, പായംപാടം

മേൽപ്പറഞ്ഞ പ്രോജക്ടിലൂടെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ 85 വികലാംഗ വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ്അനുവദിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്)362/13തസ്വഭവ.തീ.16.11.13 പ്രകാരം, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രൊജക്ട്, എല്ലാ ഗ്രാമ പഞ്ചായത്തുകളും,നഗരസഭകളും ഏറ്റെടുക്കേണ്ടതാണെന്നും, ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ, ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം, 50:25:25 അനുപാതത്തിൽ വകയിരുത്തണമെന്നും, വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മുഴുവൻ ഫണ്ടും പഞ്ചായത്ത് വഹിച്ചതായി കാണുന്നു.സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്ഥലം വാങ്ങൽ പ്രൊജക്ടുകൾ സംബന്ധിച്ച്

ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (ജനറൽ) (പ്രൊജക്റ്റ് നമ്പർ 35/16) എന്ന പ്രൊജക്റ്റിലെ 20 ഗുണഭോക്താക്കളും ഭൂരഹിതർക്ക് വീട് വെക്കുന്നതിനു സ്ഥലം വാങ്ങൽ (എസ്.സി) (പ്രൊജക്റ്റ് നമ്പർ 213/16) എന്ന പ്രൊജക്റ്റിലെ 12 ഗുണഭോക്താക്കളും ശ്രീ. ഹൈദരലി. പാന്താർ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 121/168/8 -ലെ ഒരു ഏക്കർ ഭൂമിയിൽ നിന്നും 3 സെന്റ് വീതം പ്ലോട്ടുകളായി വാങ്ങിയിട്ടുണ്ട്. 3 ഗുണഭോക്താക്കൾ ഒഴികെ മറ്റു ഗുണഭോക്താക്കൾ വാങ്ങിയ പ്ലോട്ടുകളിലേക്ക് 3 അടി വഴി മാത്രമാണുള്ളത്. ഓഡിറ്റിന്റെ ഭാഗമായി നേരിട്ട് പരിശോധിച്ചപ്പോൾ സ്ഥലം കാട് മൂടി കിടക്കുകയാണ്. ഓരോ പ്ലോട്ടുകളുടെയും അതിരടയാളങ്ങൾ നശിച്ചതിനാലും കാട് മൂടി കിടക്കുന്നതിനാലും പ്ലോട്ടുകൾ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലാണ്. വാങ്ങിയ സ്ഥലത്തിന്റെ അതിരടയാളങ്ങൾ സംരക്ഷിച്ച് സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്. | 2015-16 | 1000000 | ചെട്ടിപ്പാടം ശ്മശാനത്തിനു ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കൽ (2/16) | 1000000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്. | 2015-16 | 500000 | ചെട്ടിപ്പാടം ശ്മശാനത്തിനു ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കൽ (2/16) | 500000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |

ചെലവിന 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കെ.ഡബ്ലിയു. എ. പൈപ്പ് ലൈൻ നീട്ടൽ | 21501022/31.03.2016 | 515000 | 0 | 515000 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ് നൽകിയിട്ടില്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്: ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ -

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| സ്ഥിരനിക്ഷേപങ്ങളുടെ വിവരം | തുക |
|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് മലപ്പുറത്തിന്റെ 50 ബി ക്ലാസ് ഷെയറുകൾ | 5000 |
| ആകെ | 5000 |

4-6. ഓഡിറ്റ് റിക്കവറി - ഇല്ല.

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിലെ ഖണ്ഡികകളിൽ ഒന്നുംതന്നെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-2016 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61845800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83613317 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 430566 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 750 | എം. മധുസൂധനൻ നായർ, അസി. എഞ്ചിനിയർ |
| 3-8 | | 57000 | ഡോ.സബിത റോസ് ജേക്കബ്- 3000<br>ഡോ.പർവ്വീൺ. പി.ടി. 54000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 327232 | ഡോ.പർവ്വീൺ. പി.ടി, പി.എച്.സി മെഡിക്കൽ ഓഫീസർ |
| 3-6 | 50000 | -ടി- |
| 3-8 | 53334 | - ടി - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം. മധുസൂധനൻ നായർ, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, അമരമ്പലം ഗ്രാമ പഞ്ചായത്ത് | മണലമുണ്ടിക്കൽ ഹൗസ്, മുതുകാട്, രാമംകുത്ത്. പി.ഒ. |
| ഡോ.സബിത റോസ് ജേക്കബ്, മെഡിക്കൽ ഓഫീസർ | അസി.സർജൻ, കമ്മ്യൂണിറ്റി മെഡിക്കൽ, ഗവ.മെഡിക്കൽ കോളേജ്, മഞ്ചേരി | പുതുപ്പള്ളിമറ്റം വീട്, ചുള്ളിയോട്, മലപ്പുറം ജില്ല. |
| ഡോ.പർവ്വീൺ.പിടി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അമരമ്പലം | കളത്തിങ്ങതൊടിക വീട്, മൈലാടി, എരഞ്ഞിമങ്ങാട്, നിലമ്പൂർ – 679329 |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
| 1996-97 | എൽ.എഫ്.എം5/706/2000 തീയ്യതി 19.4.13 | 10 | |
| 1997-98 | എൽ.എഫ്.എം5/906/2000 തീയ്യതി 19.4.13 | 7 | |
| 1998-99 | എൽ.എഫ്.എം5/907/2000 തീയ്യതി 6.6.10 | 7 | |
| 1999-00 | എൽ.എഫ്.എം5/908/2000 തീയ്യതി 19.4.13 | 3 | |
| 2000-01 | എൽ.എഫ്.എം5/909/2000 തീയ്യതി 19.4.13 | 7 | |
| 2001-02 | എൽ.എഫ്.എം5/910/2000 തീയ്യതി 20.4.13 | 2 | |
| 2003-04 | എൽ.എഫ്.എം5/911/2000 തീയ്യതി 20.4.13 | 2 | |
| 2004-05 | എൽ.എഫ്.എം5/2097/2008 തീയ്യതി 20.4.13 | 22 | |
| 2005-06 | എൽ.എഫ്.എം5/2532/2012 തീയ്യതി 20.4.13 | 12 | |
| 2007-08 | എൽ.എഫ്.എം5/28/2011 തീയ്യതി 20.4.13 | 7 | |
| 2008-09 | എൽ.എഫ്.എം5/703/2012 തീയ്യതി 20.4.13 | 18 | |
| 2009-10 | എൽ.എഫ്.എം5/666/2011 തീയ്യതി 31.5.2011 | 10 | |

| | | | | |
|---|---|---|---|---|
| 10-11 | എൽ.എഫ്.എം5/506/2012 തീയ്യതി 2.5.12 | 9 | | |
| 2011-12,12-13 | എൽ.എഫ്.എം5/1925/2014 തീയ്യതി 7.10.14 | 6 | | |
| 2013-14 2014-15 | കെ.എസ്.എ. എം.പി.എം 26/763/16 തിയ്യതി 28.4.106 | 24 | | |

ഡെപ്യൂട്ടി ഡയറക്ടർ

**I**

# AUDIT CERTIFICATE

*ഓഡിറ്റ് സാക്ഷ്യപത്രം* ***2015-16***

കെ എസ് എ എം പി എം26/28/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 2.02.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ **2015-16** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## AUDIT CERTIFICATE

KSA-MPM.26/28/2017

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in

Dated 2.2.2017

Certified that I have examined the Annual Financial Statement of **AMARAMBALAM GRAMA PANCHAYAT** in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of **AMARAMBALAM Grama Panchayat** for the year **2015-16** except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR

DISTRICT AUDIT OFFICE
MALAPPURAM